(ഡി) ധനകാര്യവകുപ്പുമന്ത്രി, ആരോഗ്യമന്ത്രി, വനവും ഹരിജനക്ഷേമവും വകുപ്പുമന്ത്രി എന്നിവരെപ്പറ്റിയ അഴിമതിയാരോപണങ്ങളും പരിശോധിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുടെ പേരിലുള്ള ചില ആരോപണങ്ങളും അന്വേഷണകമ്മീഷൻ നിയമമനുസരിച്ചുള്ള അന്വേഷണത്തിനു വിധേയമാക്കി. മറ്റുള്ളവരുടെ മേൽ വന്ന ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസ്സില്ലെന്നു കണ്ടതിനാൽ യാതൊരു നടപടിയും ചെയ്യേണ്ടതില്ലെന്നു നിശ്ചയിച്ചു.

മന്ത്രിമാരുടെ വകുപ്പു വിഭജനം

*63 (166) **ശ്രീ. വി. കുട്ടികൃഷ്ണൻ നായർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐക്യമുന്നണി മന്ത്രിസഭ രൂപീകരിക്കുമ്പോഴും വകുപ്പുകളും വിഭജനം നടത്തിയിട്ടുള്ളതു് ഏതടിസ്ഥാനത്തിലാണു് ;

(ബി) ശ്രീ. പി. കെ. കുഞ്ഞുസാഹിബു് മന്ത്രിസ്ഥാനം രാജിവച്ചപ്പോഴും അദ്ദേഹം കൈകാര്യം ചെയ്തിരുന്ന വകുപ്പുകളും മറ്റാർക്കും വിട്ടുകൊടുക്കാതിരിക്കാൻ പ്രത്യേക വല്ല കാരണങ്ങളുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) സഹപ്രവർത്തകരുമായി ആലോചിച്ചു് മുഖ്യമന്ത്രി എടുത്ത തീരുമാനമനുസരിച്ചു്.

(ബി) താൽക്കാലികമായി മുഖ്യമന്ത്രി തന്നെ കൈകാര്യം ചെയ്യുന്നതാണു് ശരിയെന്നകാരണത്താൽ.

Withdrawal of Criminal Cases Against the Naxalites

*64 (167) **Shri U. P. Kunikullaya :** Will the Chief Minister be pleased to state :

(a) Is it true that the Government have given instructions to withdrawn the criminal cases against the Naxalites regarding the murder of Policeman in Pulpally and the attack on the Police station at Tellicherry.

(b) If so what are the reasons for withdrawing the cases ?

Chief Minister **Shri E. M. Sankaran Namboodiripad**

(a) No

(b) Does not arise.

കേരളാ മുഖ്യമന്ത്രിയും എ. കെ. ഗോപാലൻ എം. പി. യും ചേർന്നുള്ള സംയുക്ത പ്രസ്താവന

*65. [168] **ശ്രീ. കെ. എം. മാണി :** താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശ്രീ. ബി. ടി. രണദിവേയുടെ പ്രസ്താവനയെത്തുടർന്നു് കേരള മുഖ്യമന്ത്രി ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടും ശ്രീ. എ കെ. ഗോപാലൻ എം. പി. യും ചേർന്നു ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്):

മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പോളിറ്റു് ബ്യൂറോ അംഗങ്ങളെന്ന നിലയിൽ മുഖ്യമന്ത്രിയും ശ്രീ. എ. കെ. ഗോപാലൻ എം. പി. യും ചേർന്നു് മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പരിപാടി വിശദീകരിക്കുന്ന ഒരു സംയുക്ത പ്രസ്താവന ജൂലൈ 9-ാം തീയതി പുറപ്പെടുവിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly